# കണ്ണൂർ സർവ്വകലാശാല

അക്കാദമിക് വിഭാഗം

നമ്പർ.അക്കാഡ്.ഇ3/5435/Ph.D Notification 2013 തിയ്യതി, കെ.യു കാമ്പസ് 30.07.2013

<u>പ്രസിദ്ധീകരണത്തിന്</u>

കണ്ണൂർ സർവ്വകലാശാലയുടെ കീഴിലുള്ള വിവിധ പഠനവകുപ്പുകളിലും അംഗീകൃത ഗവേഷണ കേന്ദ്രങ്ങളിലും പി.എച്ച്.ഡി ഗവേഷണത്തിനുള്ള പ്രവേശന പരീക്ഷയ്ക്കും തുടർന്നുള്ള കോഴ്സ് വർക്കിനും നിശ്ചിത യോഗ്യതയുള്ളവരിൽ നിന്നും അപേക്ഷകൾ ക്ഷണിച്ചുകൊള്ളുന്നു. അപേക്ഷിക്കുന്നതിനുള്ള യോഗ്യത, അപേക്ഷിക്കേണ്ടുന്നവിധം, പ്രവേശനപരീക്ഷയിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടുള്ള വിഭാഗങ്ങൾ, അപേക്ഷകൾ ക്ഷണിച്ചിട്ടുള്ള വിഷയങ്ങൾ മുതലായ വിവരങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

<u>അപേക്ഷിക്കുന്നതിനുള്ള യോഗ്യത</u>

അംഗീകൃത സർവ്വകലാശാലകളിൽ നിന്നും 55% ൽ കുറയാത്ത മാർക്കോടെ അഥവാ തത്തുല്യ ഗ്രേഡോടുകൂടി ബന്ധപ്പെട്ട വിഷയത്തിൽ ബിരുദാനന്തരബിരുദം നേടിയവർക്ക് പി.എച്ച്ഡി പ്രവേശനപരീക്ഷയ്ക്ക് അപേക്ഷിക്കാം. അംഗീകൃത സർക്കാർ/എയ്ഡഡ് കോളേജുകളിലെയും യൂണിവേഴ്സിറ്റി ഡിപ്പാർട്ടുമെൻറുകളിലെയും റഗുലർ അദ്ധ്യാപകർക്കും എസ്.സി/എസ്.ടി, വികലാംഗ, ഒ.ബി.സി (Non creamy layer) വിഭാഗങ്ങളിൽപെടുന്നവർക്കും 50% മാർക്ക് മതിയാകും.

<u>പ്രവേശനപരീക്ഷയുടെ സിലബസ്സ്</u>

പ്രവേശനപരീക്ഷയുടെ സിലബസ്സ് യു.ജി.സി/സി.എസ്.ഐ.ആർ/നെറ്റ് പരീക്ഷകളുടെ സിലബസിൻെറ അടിസ്ഥാനത്തിൽ തയ്യാറാക്കപ്പെട്ടിട്ടുള്ളതായിരിക്കും. ഇതിൽ ഒബ്ജക്ടീവ് മാതൃകയിലുള്ളതും ഡിസ്ക്രിപ്റ്റീവ് മാതൃകയിലുള്ളതുമായ ചോദ്യങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നു മൊത്തം 100 മാർക്കിൻെറ ചോദ്യങ്ങളാണ് പ്രവേശനപരീക്ഷയ്ക്ക് ഉണ്ടാവുക. പ്രവേശന പരീക്ഷയുടെ ദൈർഘ്യം 3 മണിക്കൂർ ആണ്.

പ്രവേശനപരീക്ഷയിൽ യോഗ്യത നേടാൻ 50% മാർക്ക് നേടണം. എസ്.സി/എസ് ടി വിഭാഗത്തിൽ പെടുന്നവർക്ക് 35% മാർക്ക് മതിയാകും. പ്രവേശനപരീക്ഷയുടെ തിയ്യതി ഒക്ടോബർ 20 ആയിരിക്കും. പ്രവേശനപരീക്ഷാഫലം. നവംബർ ആദ്യവാരത്തിൽ പ്രസിദ്ധീകരിക്കുന്നതാണ്. പ്രവേശനപരീക്ഷയിൽ യോഗ്യത നേടുന്ന വിദ്യാർത്ഥികൾ ആറുമാസത്തെ നിർബന്ധിത ഫുൾടൈം കോഴ്സ് വർക്ക് പൂർത്തിയാക്കേണ്ടതാണ്. കോഴ്സ് വർക്കിലും തുടർന്ന് നടത്തുന്ന പ്രാഥമിക പരീക്ഷയിലും യോഗ്യത നേടുന്നവരെ മാത്രമേ പി.എച്ച് ഡി ഗവേഷണം തുടരാൻ അനുവദിക്കുകയുള്ളൂ.

<u>പ്രവേശനപരീക്ഷയിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടുള്ള വിഭാഗങ്ങൾ</u>

1. സർക്കാർ/അംഗീകൃത എയ്ഡഡ് കോളേജുകളിലെയും സർവ്വകലാശാല ഡിപ്പാർട്ടുമെൻറുകളിലെയും റഗുലർ അദ്ധ്യാപകർ.
2. കണ്ണൂർസർവ്വകലാശാലയ്ക്ക് കീഴിലുള്ള അൺ എയ്ഡഡ് കോളേജുകളിൽ അഞ്ചു വർഷത്തെ തുടർച്ചയായ അദ്ധ്യാപന പരിചയമുള്ള റഗുലർ അദ്ധ്യാപകർ.
3. CSIR/UGC/ICAR, ICMR തുടങ്ങിയ സ്ഥാപനങ്ങൾ നടത്തുന്ന NET/GATE/ JRF മുതലായ യോഗ്യതാ പരീക്ഷ പാസായിട്ടുള്ളവർ.
4. കേന്ദ്ര സംസ്ഥാന സർക്കാർ ഫണ്ടിംഗ് ഏജൻസികളുടെ ഗവേഷണ ഫെലോഷിപ്പിന് അർഹരായിട്ടുള്ളവർ.
5. അംഗീകൃത സർവ്വകലാശാലകളിൽ നിന്നും റഗുലർ സ്കീമിൽ എം.ഫിൽ പരീക്ഷ പാസായിട്ടുള്ളവർ.
6. രാജീവ് ഗാന്ധി നേഷണൽ ഫെലോഷിപ്പിന് തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്നവർ.
7. കേന്ദ്ര സംസ്ഥാന സർക്കാർ ഉടമസ്ഥതയിലുള്ളതോ കേന്ദ്ര സംസ്ഥാന സർക്കാർ ധന സഹായം നൽകുന്നതോ ആയ അംഗീകൃത ഗവേഷണകേന്ദ്രങ്ങളിൽ സ്ഥിര നിയമനം നേടിയ ശേഷം മൂന്ന് വർഷത്തിൽ കുറയാത്ത പ്രവൃത്തിപരിചയമുള്ള ശാസ്ത്രഞ്ജന്മാർ/ സാമൂഹിക ശാസ്ത്രഞ്ജർ എന്നിവർ

മുകളിൽ പറഞ്ഞ വിഭാഗങ്ങളിൽപെടുന്ന അപേക്ഷകർ പ്രസ്തുത യോഗ്യത തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ് നിർബന്ധമായും അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്. അല്ലാത്തപക്ഷം പ്രസ്തുത വിഭാഗത്തിൽപ്പെട്ടവരും പ്രവേശനപരീക്ഷ എഴുതേണ്ടതാണ്

<u>അപേക്ഷിക്കേണ്ടുന്ന വിധം</u>

അപേക്ഷകർ നിർദ്ദിഷ്ടമാതൃകയിലുള്ള അപേക്ഷാഫോറം (Application for Ph.D Entrance examination/course work-2013) സർവ്വകലാശാല വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്ത് എടുക്കേണ്ടതാണ് (www.kannuruniversity.ac.in). പൂരിപ്പിച്ച അപേക്ഷയോടൊപ്പം യോഗ്യതാ പരീക്ഷയുടെ സർട്ടിഫിക്കറ്റുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ, അപേക്ഷാഫോറത്തിൻെറ വിലയായ 50 രൂപ അടച്ചതിൻെറ ചലാൻ രശീത്, അപേക്ഷാഫീസിനത്തിൽ 500 രൂപ അടച്ചതിൻെറ ചലാൻ രശീത്, അടിസ്ഥാനയോഗ്യതയിൽ ഇളവ് ലഭിക്കുന്നതിനാവശ്യമായ സർട്ടിഫിക്കറ്റുകൾ, പ്രവേശനപരീക്ഷയിൽ നിന്നും ഒഴിവ് ലഭിക്കുന്നതിനാവശ്യമായ സർട്ടിഫിക്കറ്റുകൾ എന്നിവ ഉണ്ടായിരിക്കേണ്ടതാണ്. കേരളത്തിന് പുറമെയുള്ള സർവ്വകലാശാലകളിൽ നിന്നും യോഗ്യതാപരീക്ഷ പാസായവർ കണ്ണൂർ സർവ്വകലാശാലയിൽ നിന്നുള്ള തുല്യതാ സർട്ടിഫിക്കറ്റും (Recognition/Equivalence) കൂടി ഹാജരാക്കേണ്ടതാണ്.

കേരളത്തിലെ ട്രഷറി വഴി പണമടക്കുന്നതിനുള്ള ഹെഡ് ഓഫ് അക്കൗണ്ട് 8658-00-102-96 (27) KUS.

SBT യിലെ കണ്ണൂർ യുണിവേഴ്സിറ്റി പേ ഇൻ സ്ലിപ്പ് വഴിയും പണമടക്കാവുന്നതാണ്.

**കേരളത്തിന് പുറത്തുള്ള അപേക്ഷകർക്ക്** ഫിനാൻസ് ഓഫീസർ, കണ്ണൂർ യൂണിവേഴ്സിറ്റി എന്ന പേരിൽ SBT യുടെ കണ്ണൂർ യുണിവേഴ്സിറ്റിയുടെ കാമ്പസ് ബ്രാഞ്ചിൽ മാറാവുന്ന ഡിമാൻറ് ഡ്രാഫ്റ്റ് വഴിയും പണമടക്കാവുന്നതാണ്.

**അപേക്ഷകൾ ക്ഷണിച്ചിട്ടുള്ള വിഷയങ്ങൾ:**

1. Agricultural Statistics (Anticipatory)
2. Anthropology
3. Biochemistry and Immunology
4. Biotechnology
5. Botany
6. Chemistry
7. Civil Engineering
8. Commerce and Management Studies
9. Economics
10. Education
11. English
12. Geography
13. Geology
14. Hindi
15. History
16. Horticulture
17. Kannada
18. Library and Information Science
19. Life Science
20. Malayalam
21. Mathematics
22. Medical Biochemistry
23. Medicine
24. Music
25. Pharmaceutical Sciences

26. Psychology
27. Physical Education
28. Physics
29. Photochemistry
30. Political Science
31. Sanskrit
32. Sociology
33. Statistics
34. Urdu
35. Zoology
36. Information Technology (Anticipatory Vacancy)

പൂരിപ്പിച്ച അപേക്ഷകൾ സർവ്വകലാശാല രജിസ്ട്രാർ മുൻപാകെ സമർപ്പിക്കേണ്ടതാണ്. അവസാന തിയ്യതിക്കുശേഷം സമർപ്പിക്കപ്പെടുന്ന അപേക്ഷകൾ യാതൊരു കാരണവശാലും സ്വീകരിക്കപ്പെടുന്നതല്ല. സർവകലാശാല പഠനവകുപ്പുകളുടെയും മറ്റ് അംഗീകൃത ഗവേഷണ കേന്ദ്രങ്ങളുടെയും അംഗീകൃത ഗൈഡുകളുടെയും അവരുടെ കീഴിലുള്ള ഒഴിവുകളുടെയും വിവരങ്ങൾക്ക് സർവ്വകലാശാല വെബ്സൈറ്റ് സന്ദർശിക്കുക. അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തിയ്യതി 2013 ആഗസ്റ്റ് 31 വൈകുന്നേരം 5 മണിവരെ. നിർദ്ദേശങ്ങൾക്ക് വിപരീതമായി സമർപ്പിക്കപ്പെടുന്ന അപേക്ഷകൾ നിരുപാധികം നിരസിക്കപ്പെടുന്നതാണ്.

Sd/-
REGISTRAR

To

1. Public Relations Officer (for press release)
2. Computer Programmer (for publishing the Notification in the website)

Copy to: 1. PA to R
2. SF/DF/FC.

Approved for issue,

SECTION OFFICER

s-r-26-7